# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5743 18.11.2019-ൽ മറുപടിക്ക്

## പുരാവസ്തു വകുപ്പും വിനോദസഞ്ചാരവും

**ചോദ്യം** **ഉത്തരം**

ശ്രീ.സജി ചെറിയാൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന് കീഴിലുള്ള സമസ്ത സ്ഥാപനങ്ങളെയും വിനോദ സഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ വിനോദസഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് നടപടി സ്വീകരിച്ച് വരുന്നു.<br>നിലവിൽ മുസിരിസ് പൈതൃക പദ്ധതിയിൽ പ്പെടുന്ന ചരിത്രപൈതൃക സ്മാരകങ്ങൾ ഭൂരിഭാഗവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളാണ്. ഈ സ്മാരകങ്ങളിൽ സന്ദർശകർക്കാവശ്യമായ എല്ലാവിധ സൗകര്യവും ഒരുക്കുന്നത് മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് മുഖാന്തിരമാണ്.<br>തിരുവനന്തപുരം ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മടവൂർപാറ യുടെ സമീപത്തായി ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലഘുഭക്ഷണശാല, ഓപ്പൺ തീയറ്റർ, നടപ്പാത തുടങ്ങിയവ സന്ദർശ കർക്കായി ഇക്കഴിഞ്ഞ ഓണക്കാലത്ത് തുറന്നു നൽകിയിട്ടുണ്ട്.<br>സംരക്ഷിത സ്മാരകമായ വയനാട്ടിലെ എടയ്ക്കൽ ഗുഹയിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പുരാവസ്തു വകുപ്പിന്റെ സഹകരണ ത്തോടെയാണ് സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. |
| (ബി) | ആലപ്പുഴ ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ ജില്ലയിൽ താഴെപ്പറയുന്ന 12 സ്മാരക ങ്ങളെയാണ് കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.<br>1) ബുദ്ധ പ്രതിമ, കരുനാഗപ്പള്ളി<br>2) ബുദ്ധ പ്രതിമ, മാവേലിക്കര<br>3. മുതവഴി ശ്രീകുമാരമംഗലം സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, ചെങ്ങന്നൂർ, ആലപ്പുഴ<br>4) ബുദ്ധ പ്രതിമ, കരുമാടിക്കുട്ടൻ, അമ്പലപ്പുഴ<br>5) ബുദ്ധ പ്രതിമ, ഭരണിക്കാവ്<br>6) നരസിംഹ ക്ഷേത്രം, ചാത്തൻകുളങ്ങര, ആലപ്പുഴ |

| | | | |
|---|---|---|---|
| | | | 7) കൃഷ്ണപുരം കൊട്ടാരം, കായംകുളം<br>8) കടക്കരപ്പള്ളി പായ്ക്കപ്പലും അനുബന്ധ ഭൂമിയും<br>9) ശ്രീ കാർത്ത്യായനി ക്ഷേത്രം, കട്ടമ്പേത്രൂർ<br>10) വാരനാട് നട്ടുവിലെ കോവിലകം<br>11) ശ്രീ ഇട്ടിഅച്ചുതൻ വൈദ്യർ കര്യാലയും ഔഷധ സസ്യക്കാവും<br>12) മാന്നാർ തൃക്കുരട്ടി മഹാദേവ ക്ഷേത്രം. ചെങ്ങന്നൂർ<br>ഈ 12 സംരക്ഷിത സ്മാരകങ്ങളിൽ കായംകുളം കൃഷ്ണപുരം കൊട്ടാരം. കടക്കര പള്ളിയിലെ കപ്പലിന്റെ അവശിഷ്ടം, കരുമാടിയിലെ ബുദ്ധമണ്ഡപം, ഭരണിക്കാവിലെ ബുദ്ധമണ്ഡപം എന്നിവ പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ളവയാണ്. കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ പുരാവസ്തു മ്യൂസിയം പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ